പതിമൂന്നാം കേരള നിയമസഭ

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1709** **03.10.2011-ൽ മറുപടിയ്ക്ക്**

**അമരവിളയിലെ ഏകീകൃത ചെക്ക്പോസ്റ്റ്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ആർ.സെൽവരാജ് | | ശ്രീ.കെ.എം.മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| എ) | നെയ്യാറ്റിൻകര മണ്ഡലത്തിലെ അമരവിള വാണിജ്യ നികുതി ചെക്ക് പോസ്റ്റിൽ നടപ്പാക്കിയ ഏകീകൃത സംവിധാനത്തിന്റെ ഉദ്ദേശ്യമെന്തെന്ന് വ്യക്തമാക്കുമോ; | (എ) | വാഹന പരിശോധന കാര്യക്ഷമമാക്കുക, പരിശോധന സമയം കുറയ്ക്കുക, ഗതാഗതകുരുക്ക് ഒഴിവാക്കി ചരക്കുനീക്കം സുഗമമാക്കുക എന്നീ ഉദ്ദേശ്യങ്ങളോടെയാണ് അമരവിളയിൽ ഏകീകൃത ചെക്ക്പോസ്റ്റ് നടപ്പിലാക്കിയത്. |
| ബി) | പുതിയ സംവിധാനം നടപ്പാക്കിയതിനുശേഷവും പാറശ്ശാല കുറുങ്കുട്ടിയിൽ പ്രവർത്തിക്കുന്ന ഗതാഗത വകുപ്പിന്റെ ചെക്ക്പോസ്റ്റ് അവിടെ തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ഉണ്ട് |
| സി) | ഏകീകൃത ചെക്ക് പോസ്റ്റിന്റെ മേൽനോട്ട ചുമതല ആർക്കാണെന്ന് വ്യക്തമാക്കുമോ ? | (സി) | ഏകീകൃത ചെക്ക്പോസ്റ്റിന്റെ മേൽനോട്ട ചുമതല അമരവിള വാണിജ്യ നികുതി അസിസ്റ്റന്റ് കമ്മീഷണർക്കു നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ